പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4351 | 17/05/2017-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകൾക്ക് ലൈസൻസും പ്രവർത്തനാനുമതിയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സ്വകാര്യമേഖലയിൽ എത്ര ലാബുകൾക്ക് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ബോർഡ് ലൈസൻസും പ്രവർത്തനാനുമതിയും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ: | എ) | ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്സ് & റൂൾസിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഗുണനിലവാര പരിശോധനയ്ക്ക് സ്വകാര്യ മേഖലയിൽ നാല് ലാബോറട്ടറികൾക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | പല സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നത് ശരിയായ മാനദണ്ഡങ്ങൾ പാലിക്കാതെയും യോഗ്യരായ പരിശോധകരെ ഉപയോഗിക്കാതെയും അമിതഫീസ് ഈടാക്കിയും രോഗികൾക്ക് ശരിയായ റിസൾട്ട് ലഭ്യമാക്കാതെയുമാണെന്നത് ബോർഡും വകുപ്പും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ: | ബി) യും സി) യും ഡി) യും | സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ലാബുകൾക്ക് ഡ്രഗ്സ് കൺട്രോൾ ബോർഡ് പ്രവർത്തനാനുമതിയും ലൈസൻസും നൽകുന്നുണ്ടോ; എങ്കിൽ എത്ര ആശുപത്രികൾക്ക് നിലവിൽ ലൈസൻസ് നൽകിയിട്ടുണ്ട്; | | |
| ഡി) | സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ തുടങ്ങി സ്വകാര്യ ലാബുകളുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവ സർക്കാർ നിയന്ത്രണത്തിൻകീഴിൽ ആക്കാനും ജനങ്ങൾക്ക് തെറ്റായ പരിശോധനാ ഫലം, അമിതഫീസ് എന്നിവയിൽ നിന്നും സംരക്ഷണവും നൽകുവാനും ഈ സർക്കാർ നാളിതുവരെ എന്തുനടപടി സ്വീകരിച്ചുവെന്നും എന്ത് തുടർനടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ